2022 -ൽ നടക്കുന്ന പ്ലംബിംഗ് ലൈസൻസ് പരീക്ഷയ്ക്കുള്ള അപേക്ഷ നിർദ്ദേശങ്ങൾ

1) പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ പങ്കെടുക്കാൻ അംഗീകാരം ലഭിച്ച അപേക്ഷകർ പരീക്ഷ ഫീസായ 100 രൂപയും അപേക്ഷ ഫോറത്തിന്റെ 10 രൂപയും അടക്കേണ്ടതാണ്.

2) (a). അപേക്ഷകരെ പരീക്ഷയ്ക്ക് പ്രവേശിപ്പിക്കണമെങ്കിൽ താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കണം.

i. അപേക്ഷകർ ഒരു ഇന്ത്യൻ പൗരനായിരിയ്ക്കണം.

ii. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 21 വയസ്സ് പൂർത്തിയായിരിക്കണം.

iii. അപേക്ഷകർക്ക് സിവിൽ എൻജിനിയറിംഗിൽ ഡിപ്ലോമയോ , ആൾ ഇന്ത്യാകൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുകേഷൻ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേർസൊ ആൾ ഇന്ത്യാകൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുകേഷനോ ,നാഷണൽകൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗോ, അംഗീകരിച്ച പ്ലംബിംഗിലോ സാനിറ്ററിഎൻജിനിയറിംഗിലോ ഉള്ള സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം.

iv. അപേക്ഷകർക്ക് പരീക്ഷ യോഗ്യത നേടിയതിനുശേഷം ലൈസൻസ് പ്ലംബറുടെ കീഴിൽ കുറഞ്ഞത് മൂന്നുവർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കുകയും അവ തെളിയിക്കുന്ന ലൈസൻസ് നമ്പറോട്ടുകൂടിയ എക്സിക്യൂട്ടീവ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം.

(b).സിവിൽ എൻജിനിയറിംഗ് ബിരുദധാരികൾക്ക് മേൽപറഞ്ഞ നിർദേശങ്ങൾ 2 (a) യിൽ (iii) ഒഴികെമറ്റുള്ളവയെല്ലാം ബാധകമാണ് എങ്കിൽ അവരെ പ്ലംബിംഗ് ലൈസൻസ് പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

3) അപേക്ഷകരുടെ മൂന്ന് മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ്സ് ഫോട്ടോ അപേക്ഷ ഫോറത്തിൽ അപ്‌ലോഡ് ചെയ്യണം. ശരിയായ രീതിയിൽ അറ്റസ്റ്റ് ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

4) കൃത്യമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന യോഗ്യത, പരിചയം, വയസ്സ് ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കേറ്റുകൾ ഗസറ്റഡ് ഓഫീസറെ കൊണ്ടു സാക്ഷ്യപ്പെടുത്തിയിരിക്കണം.

5) പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കണം.

6) പ്ലംബിഗ് ലൈസെൻസ് പരീക്ഷയ്ക്കു മുന്നോടിയായി മേഖലാടിസ്ഥാനത്തിൽ പരിശീലന ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. അറിയിപ്പ് രജിസ്റ്റേർഡ് മൊബൈൽ നമ്പർ വഴി അറിയിക്കുന്നതാണ്.

7) പരീക്ഷയുടെ ചോദ്യങ്ങൾ മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാവുന്നതാണ്.

കൺട്രോളർ ഓഫ് എക്സാമിനേഷൻ

പ്ലംബിംഗ് ലൈസൻസ് പരീക്ഷ 2022

അപേക്ഷിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

1) 21 വയസ്സ് പൂർത്തിയായിട്ടുണ്ടോ?

2) പരീക്ഷ യോഗ്യത നേടിയതിനു ശേഷം കേരള വാട്ടർ അതോറിറ്റിയുടെ ലൈസൻസ് ഉള്ള പ്ലംബറുടെ കീഴിൽ കുറഞ്ഞത് മൂന്നുവര്ഷത്തെ പ്രവർത്തി പരിചയം നേടിയിരിക്കണം. അത് തെളിയിക്കുന്ന പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ പ്രത്യേകമായി തയ്യാറാക്കി ഹാജരാക്കണം.പ്രത്യേകമായി തയ്യാറാക്കി സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

പ്രവൃത്തി പരിചയസർട്ടിഫിക്കറ്റ് (മാതൃക)

തീയ്യതി .............

ശ്രീ./ശ്രീമതി ......................................... എൻെറ കീഴിൽ പ്ലംബറായി .................... (തീയ്യതി) മുതൽ

.................... (തീയ്യതി) വരെ ജോലി ചെയ്തിരുന്നു/ചെയ്യുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്ന് :

പേര് :

ഒപ്പ് :

ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനിയർ
സാക്ഷ്യപ്പെടുത്തണം

ഒപ്പ് :

പ്ലംബിംഗ് ലൈസൻസ് നമ്പരോടു
കൂടിയ ഓഫീസ് സീല്

3) പ്രവേശനടിക്കറ്റിലെ അപേക്ഷകൻെറ ഫോട്ടോയിലും അപേക്ഷകൻെറ ഒപ്പ് ഐഡൻറ്റിഫൈ ചെയ്യേണ്ട സ്ഥലത്തും കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാതെയുള്ള ഓഫീസറോ അല്ലെങ്കിൽ കേരള സർക്കാരിലെ ഗസറ്റഡ് ഓഫീസറോ ആയിരിക്കണം ഒപ്പ് ഇടേണ്ടത്. രണ്ട് സ്ഥലങ്ങളിലും ഒപ്പിടേണ്ട ഓഫീസർ ഒരാൾ തന്നെ ആയിരിക്കണം. ശരിയായ രീതിയിൽ അറ്റസ്റ്റ് ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.